**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **02-02-2024 - ൽ മറുപടിയ്ക്ക്**

**വഖഫ് സ്ഥാപനങ്ങളുടെ പ്രപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളായി പരിഗണിക്കാമോ; വ്യക്തമാക്കുമോ; | (എ) | മതപരമോ ജീവകാരുണ്യപരമോ ആയ ആവശ്യങ്ങൾക്കായി സ്ഥാപിതമായ ഒരു ഇസ്ലാമിക എൻഡോവ്മെന്റ് അല്ലെങ്കിൽ ചാരിറ്റബിൾ ട്രസ്റ്റിനെയാണ് വഖഫ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, പള്ളികളുടെയും മതപരമായ സ്ഥലങ്ങളുടെയും പരിപാലനം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിനായി മുസ്ലീംമത സമുദായത്തിനുള്ളിലെ വ്യക്തികൾ/ സംഘടനകളാൽ സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളാണ് വഖഫ് സ്ഥാപനങ്ങൾ. പ്രസ്തുത വഖഫ് സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങളല്ല. |
| (ബി) | പി.എം.ജെ.വി.കെ. പദ്ധതിക്കായുള്ള വഖഫ് സ്ഥാപനങ്ങളുടെ പ്രപ്പോസലുകൾ സംസ്ഥാന വഖഫ് ബോർഡ് വഴിയാണോ സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ; ജില്ലാ ലെവൽ കമ്മിറ്റികൾ വഴിയല്ലാതെ വഖഫ് ബോർഡിന് നേരിട്ട് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിലേക്ക് പ്രസ്തുത പ്രപ്പോസലുകൾ സമർപ്പിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പി.എം.ജെ.വി.കെ പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി വഖഫ് ബോർഡ് മുഖേനയും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ വഴിയും ബന്ധപ്പെട്ട വകുപ്പിന്റെ ശിപാർശയോടെ നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. |
| (സി) | വഖഫിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് വഖഫ് ബോർഡ് വഴിയല്ലാതെ ഗ്രാമ വികസന വകുപ്പ് മുഖാന്തിരം പി.എം.ജെ.വി.കെ. പദ്ധതിക്കായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ; | (സി) | വഖഫിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് വഖഫ് ബോർഡിന്റെ അനുമതിയോടെ വഖഫ് ഭൂമിയിലെ പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പിന്റെ അംഗീകാരത്തോടെ സമർപ്പിക്കാവുന്നതാണ്. ഗ്രാമവികസന വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രൊജക്ടുകൾ വഖഫ് ബോർഡിന്റെ അനുമതിയോടെ ഗ്രാമവികസന വകുപ്പിന് നേരിട്ട് സർക്കാരിന് സമർപ്പിക്കാവുന്നതാണ്. |
| (ഡി) | വഖഫ് സ്ഥാപനങ്ങളിൽ പി.എം.ജെ.വി.കെ. | (ഡി) | വഖഫ് സ്ഥാപനങ്ങളിൽ പി.എം.ജെ.വി.കെ. |

| | | | |
|---|---|---|---|
| | പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശവും നടത്തിപ്പ് ചുമതലയും പരിപാലനവും പ്രവേശന അധികാരവും ആർക്കാണെന്ന് വിശദമാക്കാമോ; | | പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പ് ചുമതലയും പരിപാലനവും പ്രവേശന അധികാരവും സംസ്ഥാന സർക്കാരിനും ഉടമസ്ഥാവകാശം സംസ്ഥാന വഖഫ് ബോർഡിലും നിക്ഷിപ്തമായിരിക്കും |
| (ഇ) | പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ ഗൈഡ് ലൈൻ പ്രകാരം റവന്യൂ രേഖകളിൽ കൃത്യമായി വഖഫ് ഭൂമി രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകാറുണ്ടോ; വിശദമാക്കുമോ; | (ഇ) | പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ ഗൈഡ് ലൈൻ പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽ നിന്നും മുക്തവും ഒഴിഞ്ഞ് കിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് വഖഫ് ബോർഡിന്റെ അനുമതി നിർബന്ധമാണ്. പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകാറില്ല. |
| (എഫ്) | വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകളായ വില്ലേജുകളിലെ എ രജിസ്റ്റർ, ബേസിക് ടാക്സ് റസീപ്റ്റ് രജിസ്റ്റർ എന്നീ രേഖകൾ പരിശാധിച്ചാണോ വഖഫ് ബോർഡ് പ്രസ്തുത പദ്ധതിയ്ക്കായി നിരാക്ഷേപ പത്രം നൽകുന്നതെന്ന് അറിയിക്കാമോ? | (എഫ്) | വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകൾ പരിശോധിച്ചാണ് പ്രസ്തുത പദ്ധതികൾക്കായി നിരാക്ഷേപ പത്രം നല്കുന്നത്. |

സെക്ഷൻ ഓഫീസർ